(6) 1985–ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്വകാര്യ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതു നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള വിദ്യാഭ്യാസ ആക്ടിന്റെ ഒരു ഭേദഗതി ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ അവതരിപ്പിച്ചതിനു ശേഷം ഗവൺമെന്റ് സ്വകാര്യ മേഖലയിൽ പുതിയ വിദ്യാഭ്യാസ സംരംഭങ്ങൾ ആരംഭിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ ഗവൺമെന്റിനോട് സ്വകാര്യ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കരുതെന്നു പറഞ്ഞതുകൊണ്ട് യാതൊരു കാര്യവും ഇല്ല എന്നു മനസ്സിലായിരിക്കുകയാണ്. 'എന്നെ തല്ലേണ്ട അമ്മാവാ, ഞാൻ നന്നാകുകയില്ല' എന്നു പറഞ്ഞതുപോലെയാണ് നമ്മുടെ ഗവൺമെന്റിന്റെ സ്ഥിതി. സ്വകാര്യ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതുകൊണ്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ ബിൽ സമർപ്പിച്ചത്. പ്ലാനിംഗ് ബോർഡ്തന്നെ സ്വകാര്യമേഖലയിൽ പുതിയ വിദ്യാലയങ്ങൾ അനുവദിക്കരുതെന്നു നിർദ്ദേശിച്ചതാണ്. നമ്മുടെ സംസ്ഥാനത്ത് ഐ.ടി.ഐ. പാസ്സായ 55,000 ആളുകൾ തൊഴിലില്ലാതെ തെണ്ടിത്തിരിയുമ്പോഴാണ് സർ, സ്വകാര്യമേഖലയിൽ പുതിയ 15 പോളിടെക്നിക്കുകൾ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. എഞ്ചിനീയറിംഗ് ഡിപ്ലോമാക്കാരായ 13,874 പേർ തൊഴിലില്ലാതെ ഉണ്ടെന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ കണക്കുകൾ കാണിക്കുന്നു. ഈ സന്ദർഭത്തിൽ പുതുതായി 15 പോളിടെക്നിക്കുകൾ കൂടി സ്വകാര്യ മേഖലയിൽ അനുവദിക്കുന്നതിനുള്ള ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏഴാം പദ്ധതിയിൽ വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ച തുകയായ 18 കോടി രൂപയിലേറെ ഇതിനുവേണ്ടി ചോർത്തിയെടുക്കുവാൻ പോകുകയാണ്. നമ്മുടെ വിദ്യാഭ്യാസരംഗം മൊത്തക്കച്ചവടക്കാർക്കും തടി വ്യാപാരികൾക്കും മൊത്തക്കച്ചവടക്കാർക്കും അടിയറവയ്ക്കുന്ന നയമാണ് വിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ജേക്കബ് പരിഷ്ക്കാരപ്രിയനാണ്. ഒരാഴ്ചയിൽ ഒരു പരിഷ്ക്കാരമെങ്കിലും പ്രഖ്യാപിച്ചില്ലെങ്കിൽ അദ്ദേഹത്തിന് ഉറക്കം വരികയില്ല. പക്ഷേ ആ പ്രഖ്യാപിക്കുന്ന പ്രഖ്യാപനം അരു പിന്തിരിപ്പനാണ്. ഘടികാരത്തിന്റെ സൂചി പിന്നോട്ടു പിടിച്ചു വലിക്കാനാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിക്കുന്നത്. ഇതിന്റെ ഫലമായി വിദ്യാഭ്യാസ മേഖല സ്വകാര്യമാനേജ്മെന്റിനു അടിയറവയ്ക്കുന്ന സ്ഥിതി വന്നുചേർന്നിരിക്കുകയാണ്.

ഷൊർണ്ണൂരിൽ ഒരു ആയുർവ്വേദ കോളേജ് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അതു സ്വകാര്യമേഖലയിലാണ്. യൂണിവേഴ്സിറ്റിയിലെ നിരവധി കോളേജുകളുടെ ശുപാർശകൾ തള്ളിക്കളഞ്ഞുകൊണ്ട് ഷൊർണ്ണൂരിൽ ഒരു ആയുർവ്വേദ കോളേജ് തുടങ്ങാൻ ഗവൺമെന്റ് എന്താണ് ഇത്ര വാശികാണിച്ചത് എന്നാണ് എനിക്കു ചോദിക്കാനുള്ളത്. കേരളത്തിലെ വിദ്യാർത്ഥികൾ, പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾ, തുടങ്ങിയവർ സ്വകാര്യ മേഖലയിൽ വിദ്യാലയങ്ങൾ അനുവദിച്ചതിനെതിരായി, പോളിടെക്നിക്കുകൾ അനുവദിച്ചതിനെതിരായി സമരത്തിലാണ്. ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾ ഇന്നു സമരത്തിലാണ്. കേരളത്തിലെ വിദ്യാർത്ഥികളെയൊക്കെ തെരുവിലിറക്കിക്കൊണ്ടുള്ള നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസക്കച്ചവടക്കാരെ സംര-

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിക്കുന്ന നടപടിയുമായി ഗവൺമെൻറ് മുന്നോട്ട് പോകുകയാണ്. അതുകൊണ്ട് ഈ ആക്ടിൽ ഭേഗതികൊം വരുത്തി സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരെ നിയന്ത്രിക്കണമെന്ന ഭേഗതിയാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഒമെമ്പർക്ക് അടുത്ത ദിവസം തുടരാവുന്നതാണ്.

(7) 1985—ലെ റൂബി റബ്ബർ വർക്ക്സ് (പ്രൈവറ്റ്) ലിമിറ്റഡ് (സ്ഥാപനങ്ങൊം ഏറ്റെടുക്കൽ ബിൽ)

ശ്രീ. കെ.സി. ജോസഫ്: സർ, ബഹുമാനപ്പെട്ട അങ്ങ് സ്പീക്കറായതിനുശേഷം ഈ സഭയിലെ സ്വകാര്യാംഗങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി നടപടികൊം നടത്തുകയുണ്ടായി. ആ നടപടികളുടെ സ്പിരിറ്റ് മനസ്സിലാക്കാൻപോലും ഗവൺമെൻറ് തയ്യാറാകുന്നില്ല.

മി. സ്പീക്കർ: അങ്ങേക്ക് ബിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ.സി. ജോസഫ്: സർ, 1985—ലെ റൂബി റബ്ബർ വർക്സ് (പ്രൈവറ്റ്) ലിമിറ്റഡ് (സ്ഥാപനങ്ങൊം ഏറ്റെടുക്കൽ) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: സഭയിലെ സ്വകാര്യാംഗങ്ങൊംക്ക് കൂടുതൽ അവകാശങ്ങൊം ഉണ്ടാക്കാനും അവർക്ക് അവസരങ്ങൊം നൽകാനും വേണ്ടിയുള്ള നടപടികൊം ശിൽപ്പശാലയ്ക്ക് അനുബന്ധമായി നമ്മൊം സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ ഗവൺമെൻറ് ആ വികാരങ്ങൊം ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല. വളരെ ബുദ്ധിപ്പെട്ട് ഒരു സ്വകാര്യാംഗം ബിൽ അവതരിപ്പിച്ചാൽ.....

ശ്രീ. എം. എം. ഹസ്സൻ: ഗവൺമെൻറ് കൊണ്ടുവരുന്ന എല്ലാ നല്ലകാര്യങ്ങളേയും എതിർക്കുക എന്ന പ്രതിപക്ഷത്തിൻെറ സമീപനം പോലെ മെമ്പർമാർകൊണ്ടുവരുന്ന എല്ലാ ബില്ലുകളേയും എതിർക്കുക എന്ന സമീപനം ഗവൺമെൻറ് സ്വീകരിക്കുന്നതു ശരിയാണോ?

ശ്രീ. ടി.എം. ജേക്കബ്: അങ്ങനെ ഒരു സമീപനം ഗവൺമെൻറിനില്ല. ആവശ്യമുള്ള കാര്യങ്ങൊം അംഗീകരിക്കും. ആവശ്യമില്ലാത്തതാണെങ്കിൽ അതിനെ എതിർത്തുകൊണ്ട് അതിൻെറ ബുദ്ധിമുട്ടുകൊം വിശദീകരിക്കും. (ബഹളം)

ശ്രീ. പി.സി. ജോർജ്: അതു ശരിയല്ല. ഞങ്ങൊം എന്തു ബിൽ കൊണ്ടുവന്നാലും അതിനെ എതിർക്കും. അതിൽ സങ്കടമുണ്ട് സർ.

LIBRARY ARCHIVES Kerala Legislative Assembly